# അടിയന്തിരം

നമ്പർ. കെ4/e-53988/ടിസി/2018

ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം- 14, [☎0471-2333337/2333317
ഫാക്സ് 04712333314] www.mvd.kerala.gov.in [ഇ-മെയിൽ -
tcoffice@keralamvd.gov.in ]

തിയതി. 07.03.2018

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡി.റ്റി.സി/ ആർ.ടി.ഒ —മാർക്കും

സർ,

വിഷയം:-മോട്ടോർ വാഹന വകുപ്പ്-ഫാസ്റ്റ് പ്രോജക്റ്റ്-ട്രഷറി അക്കൌണ്ട്
തുടങ്ങുന്നത് —സംബന്ധിച്ച്.

സൂചന :-സർക്കുലർ നം.8/2018/ധനകാര്യം/ തിയതി.30/01/2018.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിൽ ഫാസ്റ്റ് പ്രോജക്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച് തരുന്ന തുക നിലവിൽ ബാങ്കിലെ സേവിംഗ്സ് അക്കൌണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. മേൽ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തുകകൾ കൈകാര്യം ചെയ്യുന്നത് ട്രഷറി അക്കൌണ്ടുകളിൽ നിന്നും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ആയതിനാൽ നിലവിലുള്ള ഫാസ്റ്റ് പ്രോജക്റ്റിന്റെ ബാങ്ക് അക്കൌണ്ടുകളുടെ വിശദ വിവരവും പുതുതായി ഏത് ട്രഷറിയിലാണ് അക്കൌണ്ട് തുടങ്ങേണ്ടത് എന്ന വിവരവും അറിയിക്കുവാൻ നിർദ്ദേശിക്കുന്നു. വിവരങ്ങൾ താഴെ പറയും പ്രകാരമുള്ള മാതൃകയിൽ നൽകേണ്ടതാണ്.

| ഓഫീസ് | ബാങ്ക് അക്കൗണ്ട് നമ്പർ & IFSC കോഡ് | അക്കൗണ്ട് ഹോൾഡർ | ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക | പുതുതായി അക്കൗണ്ട് തുടങ്ങേണ്ട ട്രഷറിയുടെ പേര് |
|---|---|---|---|---|
| | | | | |

വിവരങ്ങൾ സർക്കാരിലേയ്ക്ക് സമയബന്ധിതമായി നൽകി അനുമതി ലഭ്യമാക്കേണ്ടതിനാൽ മേൽ വിവരങ്ങൾ മടക്കത്തപാലിൽ അയക്കുവാൻ നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-

സീനിയർ ഫിനാൻസ് ഓഫീസർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

27/3/2018

സീനിയർ സൂപ്രണ്ട്